പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4646 20-10-2011 -ൽ മറുപടിക്ക്.

## കള്ള് ഷാപ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | 2002 ഏപ്രിൽ മുതൽ 2007 മാർച്ച് 31 വരെ സംസ്ഥാനത്ത് കള്ള് ഷാപ്പ് ലൈസൻസെടുത്ത് ഷാപ്പുകൾ നടത്തിയവരിൽ എത്രപേർക്കെതിരെ എത്ര അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ കേസുകളിൽ ഇനിയും തീർപ്പാകാത്ത കേസുകൾ എത്രയുണ്ട് എന്നറിയിക്കുമോ; തീർപ്പാകാത്ത കേസുകളുടെ വിശദവിവരം നൽകുമോ; | (എ) | 2002 ഏപ്രിൽ മുതൽ, 2007 മാർച്ച് 31 വരെ, ആകെ 1280 പ്രതികൾക്കെതിരെ 836 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 132 കേസുകൾ തീർപ്പാവാതെയുണ്ട്. 117 കേസുകൾ കോടതിയുടെ പരിഗണനയിലും, 15 കേസുകൾ അന്വേഷണത്തിലുമാണ്. |
| (ബി) | 2006-07 കാലയളവിൽ മാത്രം സംസ്ഥാനത്ത് കള്ളുഷാപ്പുകൾ നടത്തിയവർക്ക് 2011 ഒക്ടോബർ മുതൽ കള്ള് ഷാപ്പുകൾ നടത്തുന്നതിന് മുൻഗണന നൽകിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | കള്ള്ഷാപ്പ് നടത്തിപ്പിൽ സഹകരണ സംഘങ്ങൾ പരാജയപ്പെട്ട സാഹചര്യത്തിൽ, 2011-12 വർഷത്തെ അബ്കാരി നയത്തിൽ, ടി സൊസൈറ്റി സംവിധാനം നിർത്തൽ ചെയ്യുകയും, ഗ്രൂപ്പടിസ്ഥാനത്തിൽ വില്പന നടത്തുവാൻ തീരുമാനിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ്, സൊസൈറ്റി സംവിധാനം നിലവിൽ വന്നതിന് തൊട്ട് മുൻവർഷമായ 2006-07 വർഷം കള്ള് ഷാപ്പ് നടത്തിയവർക്ക് മുൻഗണന നൽകുവാൻ തീരുമാനിച്ചത്. |
| (സി) | സഹകരണ സംഘങ്ങൾ കള്ള് ഷാപ്പുകൾ നടത്തിയ റെയിഞ്ചുകളിൽ 2006 - 07 വർഷം കള്ള്ഷാപ്പ് നടത്തിയവർക്ക് മാത്രമായി മുൻഗണന നൽകിയത് പ്രത്യേക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നോ; മറ്റ് റെയിഞ്ചുകളിൽ 2010-11-ലെ മുൻഗണനാക്രമം നിശ്ചയിച്ചത് എപ്രകാരമായിരുന്നു; | (സി) | അതെ. മറ്റ് റെയിഞ്ചുകളിൽ കഴിഞ്ഞ വർഷം ഷാപ്പു നടത്തിയവർക്കാണ് 2010-11 വർഷത്തെ വിൽപ്പനയിൽ മുൻഗണന നൽകിയത്. |
| (ഡി) | കള്ള് ഷാപ്പുകൾ ലേലത്തിൽ ലഭിച്ച ലൈസൻസികൾ പലരും ബിനാമി ലൈസൻസികളാണ് എന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ; | (ഡി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(മറുപുറം)

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് പുതിയ മാനദണ്ഡം നടപ്പിലാക്കിയതിന്റെ ഫലമായി വ്യാജ മദ്യ ഉൽപ്പാദനം വർദ്ധിച്ചതും സ്പിരിറ്റ് കടത്ത് വ്യാപകമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇല്ല. |
| (എഫ്) | മദ്യദുരന്തം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മദ്യദുരന്തത്തിന് കാരണക്കാരാവുന്ന കള്ളുഷാപ്പ് നടത്തിപ്പുകാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവരെക്കുറിച്ച് സർക്കാരിന്റെ പക്കൽ രേഖകളുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (എഫ്) | മദ്യദുരന്തത്തിന് ഉത്തരവാദികളായവർക്കെതിരെ, പോലീസ്, കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ രേഖകൾ പ്രകാരം, 2010-ൽ മലപ്പുറം ജില്ലയിൽ നടന്ന മദ്യദുരന്തം സംബന്ധിച്ച്, കുറ്റിപ്പുറം / തിരൂർ റേഞ്ചുകളിൽ 24 പ്രതികൾക്കെതിരെയും, കാളികാവിൽ 10 പ്രതികൾക്കെതിരെയും ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ